ഗവ.എൽ.പി.എസ്.മീനം

വിഷൻ 2025-2026

# കണ്ണാടി

**അക്കാദമിക മാസ്റ്റർപ്ളാൻ**

# ആമുഖം

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് മീനം ഗവ.എൽ.പി.എസ് . 2025-26 അധ്യയന വർഷത്തിൽ പ്രീസ്കൂൾ മുതൽ നാലാം ക്ലാസ് വരെ 246കുട്ടികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു.

അക്കാദമിക മികവ്,ഭൌതിക,സാഹചര്യ വികസനം,കലാകായിക ശാസ്ത്രസാമൂഹ്യ ശാസ്ത്ര പ്രവർത്തിപരിചയ മേളകൾ എന്നിവയിൽ മികവാർന്ന നേട്ടങ്ങളാണ് വിദ്യാലയം കൈവരിച്ചത്. സ്കൂളിൻെറ എല്ലാ പ്രവർത്തനങ്ങൾക്കും PTA, MPTA , SMC, സ്കൂൾ വികസന സമിതി അംഗങ്ങൾ നേതൃത്വം നൽകുന്നു.

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യ സാക്ഷാത്ക്കരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# പൊതു ലക്ഷ്യങ്ങൾ

1. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

4. ഓരോ കുട്ടിയുടെയും സമഗ്ര വികാസം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ്,എന്നിവയിൽ പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

5. പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.

6. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

7. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ മെച്ചപ്പെടുത്തും.

8. കോർണർ പി.ടി.എകൾ എന്നിവ ചേർന്ന് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുക.

9. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുക.

11. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

12. വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

14. എല്ലാ ദിവസമുള്ള സജീവതയാർന്ന അസംബ്ലി സ്കൂളിന്റെ പ്രവർത്തനോർജ്ജമാക്കി മാറ്റാൻ സാധിക്കുക- കുട്ടികളെ സന്തോഷവാന്മാരാക്കി മാറ്റുക.

# <u>നേട്ടങ്ങൾ</u>

1. അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം

2. സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം

3. പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതി യിൽ നടപ്പാക്കുന്നു.

4. കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടി കൾക്ക് പ്രദാനം ചെയ്യൽ.

5. പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

6. മികച്ച പി.ടി.എ ഉള്ളതിനാൽ വ്യത്യസ്തമായ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്തു നടപ്പിലാക്കാൻ സാധിക്കുന്നു.

7. മികച്ച LSS പരിശീലനത്തിലൂടെ LSS വിജയികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

8. കലാ കായിക ശാസ്ത്രമേളകളിൽ അഭിമാനാർഹമായ വിജയം കൈവരി ക്കാൻ സാധിച്ചിട്ടുണ്ട്.

9. അവധിക്കാലം കൂടുതൽ പ്രയോജനകരമായി ഉപയോഗപ്പെടുത്താനും അക്കാദമിക മുന്നേറ്റത്തിനും ഏറെ സഹായകമായ വർക്കുബുക്കുകൾ ഓരോ ക്ലാസിനും അനുയോജ്യമായി തയ്യാറാക്കി നൽകുവാനും സാധിക്കു ന്നു.

10. ദിനാചരണങ്ങളുടെ മെച്ചപ്പെട്ട സംഘാടനത്തിലൂടെ ഓരോ കുട്ടിയുടേയും സമഗ്ര വികാസം ഉറപ്പാക്കാൻ സാധിക്കുന്നു.

11. ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ മികച്ച അഡ്മിഷൻ ഉറപ്പുവരുത്താനും സാധിക്കുന്നു.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷീവികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ളീഷ് ഭാഷാപരിപോഷണം | ക്ളാസ് റൂം ലാബുകൾ സജ്ജീകരണം | പി .ടി .എ, എസ്.എം.സി ശക്തിപ്പെടുത്തൽ |
| വായനാശാക്തീകരണം<br>ലാബ് ലൈബ്ററിശാക്തീകരണം<br>സാഹിത്യപരിപോഷണപരിപാടികൾ | ചുറ്റുമതിൽ | വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ |
| പഠനയാത്രകൾ<br>കലാ–കായികമേളകൾ | മാലിന്യസംസ്കരണ സംവിധാനം | വിദ്യാലയമികവുകൾ സമൂഹവുമായി പങ്കു വയ്ക്കൽ |
| ഐ.ടിപരിശീലനം | വിദ്യാലയത്തിനൊപ്പം എന്റെപിറന്നാൾ എന്റെസ്കൂളിൽ | വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു വേണ്ടി പങ്കു വയ്ക്കൽ<br>രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം |

| | | |
|---|---|---|
| സ്കൂൾപത്രം/മാസിക/<br>ചുമർപത്രം | | പഠനക്കൂട്ടങ്ങൾ |
| പ്രവൃത്തി പരിചയപഠനം | | |
| ഒന്നാം ക്ലാസ് ഒന്നാം തരം | ഐ.ടി ഉപകരണങ്ങളുടെ<br>പരിപാലനം | |
| ക്ലാസ് പി.ടി എ<br>ശാക്തീകരണം | ജൈവവൈവിധ്യ ഉദ്യാനം<br>വിപുലപ്പെടുത്തൽ | |
| എസ്.ആർ.ജി.ശാക്തീകര<br>ണം | പൂന്തോട്ടനിർമ്മാണം<br>ഔഷധത്തോട്ടംനിർമ്മാണം<br>പച്ചക്കറിത്തോട്ട നിർമ്മാണം | കോർണർ പി.ടി.എ കൾ |
| ശാസ്ത്രാഭിരുചി വളർത്തൽ | ഹോംലൈബ്രറി/<br>കോർണർ<br>ലൈബ്രറി | |
| പച്ചക്കറിത്തോട്ട<br>നിർമ്മാണം | അധ്യാപകപകബാങ്ക് | |
| രചനാശില്പശാല | | |
| അഭിമുഖങ്ങൾ | | |
| ഫീൽഡ് ട്രിപ്പ് | | |
| ശില്പശാലകൾ/ | | |
| ബോധവത്കരണ<br>ക്ലാസുകൾ | | |
| ദിനാചരണങ്ങൾ | | |
| കായികപഠനം | | ഭവനസന്ദർശനങ്ങൾ |
| | ഭാഷോത്സവം | |
| | ഗണിതോത്സവം | |
| | ഇംഗ്ലീഷ്ഫെസ്റ്റ് | |

## മലയാളം

### ലക്ഷ്യങ്ങൾ

➢ എല്ലാവരെയും എഴുത്തിലും വായനയിലും മികവുറ്റവരാക്കുക

➢ ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ.

➢ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ.

➢ മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ

. ➢ വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

. ➢ എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ

➢ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

➢ എഴുത്തുകൂട്ടം വായനാക്കൂട്ടം-തനതുപ്രവർത്തനം

| ക്രമ. നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീടെസ്റ്റ്<br>അക്ഷരം, പദം, ചിഹ്നം ഉറപ്പിക്കൽ<br>പദങ്ങൾ,വാക്യങ്ങൾ എന്നിവ നിർമ്മിക്കൽ<br>ചിത്രങ്ങൾനിരീക്ഷിച്ച് അടിക്കുറിപ്പ് നിർമ്മിക്കൽ,<br>കഥ പറയൽ,<br>കഥ എഴുതൽ,<br>കഥയുടെബാക്കിഎഴുതൽ | june | SRG |

| | | | | |
|---|---|---|---|---|
| | | | | |
| | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച<br>ക്ലാസ് ലൈബ്രറി<br>വായനാകുറിപ്പ് പതിപ്പ്<br>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>ഇൻലൻററ് മാഗസിൻ ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ<br>സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>എഴുത്തുകൂട്ടം മോണിട്ടറിങ്<br>വായനാകുറിപ്പ്<br>ബാലസഭ<br>പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ്<br>വ്യക്തിഗത രചന സംഘരചന<br>രചയിതാക്കളെ പരിചയപ്പെടൽ<br>സാഹിത്യ സാംസ്കാരിക ചിത്രഗാലറി | October<br>To<br>February | SRG<br>PTA |

# ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

- ★ എല്ലാ കുട്ടികൾക്കും ഇംഗ്ളീഷ് ഭാഷ വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി കൈവരിക്കുക
- ★ തെറ്റില്ലാതെ അനായാസം ഇംഗ്ളീഷ് എഴുതാനുള്ള ശേഷി നേടൽ
- ★ ഭാഷയെ സർഗാത്മക പ്രവർത്തനത്തിന് ഉപപേയാഗിക്കൽ
- ★ ഇംഗ്ളീഷ് ഭാഷയിൽ സർഗാത്മക രചനാ ശേഷി കൈവരിക്കൽ
- ★ ഇംഗ്ളീഷ് ഭാഷയെ സർഗാത്മകപ്രവർത്തനത്തിന് ഉപോയാഗിക്കൽ
- ★ ഇംഗ്ളീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ

| പ്രവർത്തനം | | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ളീഷ് അസംബ്ളി | ആഴ്ചയിൽ ഒരു ദിവസം അസംബ്ളിയിലെ മുഴുവൻ പരിപാടികളും ഇംഗ്ളീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകുന്നു അധ്യാപകരും കുട്ടികൾക്ക് ഇംഗ്ളീഷിൽ സന്ദേശം നൽകുന്നു | ജൂണ് മാർച്ച് | ക്ലാസ് ടീച്ചേഴ്സ് |
| ഇംഗ്ളീഷ് ഡയറി | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഡയറിയായി ഇംഗ്ളീഷിൽ എഴുതുക | ജൂണ് മാർച്ച് | ക്ലാസ് ടീച്ചേഴ്സ് |
| ഇംഗ്ളീഷ് തീയേറ്റർ | ഇംഗ്ളീഷ് പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാരരൂപങ്ങളാക്ക ൽ. അവ സദസിന് മുന്നിൽ അവതരിപ്പിക്കൽ | | എസ്. ആർ.ജി |
| ഇംഗ്ളീഷ് ബുള്ളറ്റിൻ | ഓരോ മാസവും പ്രത്യേക വിഷയത്തിനെ അടിസ്ഥാനമാക്കി ബുള്ളറ്റിൻ തയ്യാറാക്കുന്നു | നവംബർ | ക്ലാസ് ടീച്ചേഴ്സ് |
| English Story / poem Time (Meenam Kutties ,School Radio) | ഇംഗ്ളീഷ് ഭാഷയിലുള്ള കഥകൾ കവിതകൾ എന്നിവ മീനം കുട്ടീസ് സ്കൂൾ ആകാശവാണിയിലൂടെ അവതരിപ്പിക്കൽ | ജൂണ് മാർച്ച് | ക്ലാസ് ടീച്ചേഴ്സ് |
| English Lab English Corne | ഇംഗ്ളീഷ് ഭാഷയിലുള്ള കഥകൾ കവിതകൾ പത്രം എന്നിവയുടെ ശേഖരം തയ്യാറാക്കൽ. വായിക്കാൻ അവസരം നൽകൽ. ഡിജിറ്റൽ മാഗസിനുകൾ വീ ഡിയോ എന്നിവ ലഭ്യമാക്കൽ | ജൂണ് മാർച്ച് | ഇംഗ്ലീഷ് ക്ലബ് |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| ശാസ്ത്രപരമായ അറിവുകളുടെ പരിപോഷണം | ശാസ്ത്ര വായനയെ പരിപോഷിപ്പിക്കാനായി സ്കൂൾ ലൈബ്രറിപ്രയോജനപ്പെടുത്തുന്നു.<br><br>ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുന്നു<br><br>ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നതിനായി ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br><br>ശാസ്ത്രമൂല രൂപീകരണം:<br><br>ശാസ്ത്രപരമായ അറിവ് തരുന്ന പുസ്തകങ്ങൾ, പേപ്പർ കട്ടിംഗുകൾ ജേർണലുകൾ എന്നിവ ശേഖരിച്ച് ശാസ്ത്രമൂല രൂപീകരിക്കുന്നു<br><br>ശാസ്ത്രച്ചുവര്<br><br>സ്കൂളിനു പൊതുവായി ശാസ്ത്ര സംബന്ധമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ, ചിത്രങ്ങൾ പത്രവാർത്തകൾ ഇവ ഉൾപ്പെടുത്തി ശാസ്ത്ര ചുവര് രൂപീകരിക്കുന്നു<br><br>ശേഖരണം പ്രദർശനം<br><br>ശാസ്ത്രസംബന്ധമായ വസ്തുക്കൾ, നാണയങ്ങൾ എന്നിവയു പ്രദർശനം സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു | | |

| | | | |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുവാനും അവരുടെ മുന്നറിവുകൾ ശരിയാണോ എന്ന് നിരീക്ഷിച്ച് കണ്ടെത്താനുമുള്ള അവസരങ്ങൾ ഒരുക്കുന്നു | ലഘുപ്രോജക്റ്റ്<br><br>കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുവാനും അവരുടെ മുന്നറിവുകൾ ശരിയാണോ എന്ന് നിരീക്ഷിച്ച് കണ്ടെത്താനുമുള്ള അവസരങ്ങൾ ഒരുക്കുന്നു ലഘു പ്രോജക്ടുകൾ ക്ലാസ്സ് തലത്തിൽ നൽകുന്നു.<br><br>സെമിനാർ സംഘടിപ്പിക്കൽ ശാസ്ത്രദിനവുമായി ബന്ധരെപ്പട്ടശാസ്ത്രസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു.<br><br>ശാസ്ത്രലാബ്<br><br>ശാസ്ത്ര പ്രവർത്തനങ്ങൾ സ്വയം ചെയ്യുവാനും കണ്ടും കേട്ടും പരീക്ഷിച്ചും ചെയ്യുവാനും അവസരമൊരുക്കൽ | | |

●●●●●●●●●●●●●●●

# ഗണിതം

ഗണിതം മധുരതരമാകണം. അത് നന്നായി ആസ്വദിക്കാൻ കഴിയണം ,കുട്ടികൾക്ക് ഗണിതത്തോടുള്ള പേടി മാറ്റിക്കൊണ്ടാവണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് ഗണിതം ഒരു തുടർ പ്രക്രിയയാതു കൊണ്ട് അടിത്തറ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

| **മേഖല** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|---|
| ഗണിതം മധുരം | ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ - അടിസ്ഥാന ശേഷി ഉറപ്പിക്കൽ | പ്രീ ടെസ്റ്റ് ക്ലാസ് തലത്തൽ.<br>വർക്ക് ഷീറ്റ് തയ്യാറാക്കൽ.<br>പിന്നോക്കക്കാരെ കണ്ടെത്തി പരിഹാര പ്രവർത്തനം.<br>ഗണിത പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിഹാരബോധനം. | ജൂൺ to ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ഗണിത കേളികൾ | അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ ഗണിതലാബ് തയ്യാറാക്കൽ.<br>ഉല്ലാസഗണിതം ,ഗണിതവിജയം കിറ്റുകൾ ഉപയോഗിച്ച് വിപുലീകരിക്കൽ | ജൂൺ To ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ഗണിത മൂല | ഗണിതപഠനം കൗതുകകരമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക | എല്ലാ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ<br>മഞ്ചാടി ,കളിനോട്ട്,കാർഡുകൾ എന്നിവ ഉൾപ്പെടുത്തി. | ജൂൺ ജൂലായ് | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ഗണിത വർക്ക് ഷീറ്റ് തയ്യാറാക്കൽ | മുഴുവൻ പഠന നേട്ടങ്ങളും ലഭിക്കുന്നതിന്. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ടേമിന്റെ തുടക്കത്തിൽ | SRG |
| ഗണിത വിജയം | പഠന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ.കേവലം ചതുഷ്ക്രിയകൾ ചെയ്യുന്നതിനപ്പുറം പ്രായോഗിക പ്രശ്നങ്ങളിലൂടെ നൽകുകയും നിർധാരണം ചെയ്യുവാനുള്ള കഴിവ് | ഓരോ ക്ലാസിനും യോജിച്ച ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ അടങ്ങുന്ന ചോദ്യാവലി, വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ.<br>മഞ്ചാടി സഞ്ചി ,ഗണിത ബാലസഭ, ഗണിതോത്സവം ,ഗണിത കിറ്റ് എന്നീ പദ്ധതിയിലൂടെ ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിത വിജയം നേടൽ. | ജൂൺ To മാർച്ച് | ക്ലാസ് ടീച്ചർ |